I ഇ.ബി.XIII –കേരള നിയമസഭ/X—6

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 21, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1489-ന്റെ തിരുത്തിയ ഉത്തരം**

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1489-ന്റെ തിരുത്തിയ ഉത്തരം കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അടിയന്തര പ്രമേയം**

**പാമോലിൻ കേസ്**

മി. സ്പീക്കർ: ഖജനാവിന് നഷ്ടം വരുത്തിയ പാമോലിൻ ഇടപാട് നടന്ന സമയത്തെ ധനകാര്യ മന്ത്രിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രിയെ

വിചാരണഘട്ടത്തിൽ നിലവിലുള്ള തെളിവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ പ്രതിയാക്കാൻ പ്രോസിക്യൂഷന് അധികാരമുള്ളതിനാൽ അത് മറികടക്കാൻ വിചാരണയ്ക്ക് മുമ്പായി കേസ് എഴുതിത്തള്ളാൻ നടത്തിയ കുത്സിതശ്രമവും, ഇതുമൂലം കോടതിയുടെ കടുത്ത വിമർശനം സർക്കാരിനും പ്രോസിക്യൂഷനും ഏറ്റുവാങ്ങേണ്ടിവന്നതും, ഇത് ജനങ്ങളിലുണ്ടാക്കിയ ആശങ്കയും നിയമവാഴ്ചയുടെ ലംഘനവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാര്, എം. ചന്ദ്രന്, മാത്യു ടി. തോമസ്, കോവൂർ കുഞ്ഞുമോന്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പാമോലിൻ കേസ് 1992-ൽ ഉണ്ടായതാണെങ്കിലും ഇതുവരെയും ഒരു സാക്ഷിയെപ്പോലും വിസ്തരിക്കുവാനുള്ള അവസരമുണ്ടായിട്ടില്ല. ഇതുസംബന്ധിച്ച് സുപ്രീം കോടതിയിലും ഹൈക്കോടതിയിലും നിരവധി കേസ്സുകൾ ഉണ്ടായി. ഈ ഇടപാടുമൂലം സംസ്ഥാന ഗവൺമെന്റിന് നഷ്ടമുണ്ടായതായി അക്കൗണ്ടന്റ് ജനറൽ പറഞ്ഞിട്ടില്ല. 2005-ൽ ഈ കേസ് പിൻവലിക്കുന്നതിന് സംസ്ഥാന

ഗവൺമെന്റ് തീരുമാനിച്ചിരുന്നുവെങ്കിലും 2006-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് ഈ കേസ് പിൻവലിക്കേണ്ട എന്ന് തീരുമാനിക്കുകയുണ്ടായി. മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ മരണത്തിനുശേഷം ഈ കേസ് പിൻവലിക്കാവുന്നതാണെന്ന് സുപ്രീംകോടതിതന്നെ രണ്ടുതവണ പരാമർശം നടത്തുകയുണ്ടായി. അതിനാൽ കേസ് പിൻവലിക്കുന്നതിനുള്ള 2005-ലെ ഉത്തരവ് റിവൈവ് ചെയ്യുന്നതിന് മന്ത്രിസഭാ തീരുമാനപ്രകാരം വിജിലൻസ് കോടതിമുമ്പാകെ പെറ്റീഷൻ സമർപ്പിച്ചുവെങ്കിലും ഈ കേസിൽ ഹാജരായ ലീഗൽ അഡ്വൈസർക്ക് വിത്ഡ്രാവൽ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള കോംപീറ്റൻസി ഇല്ലെന്നും പൊതുതാത്പര്യം മുൻനിർത്തിയല്ല കേസ് പിൻവലിക്കുന്നതെന്നുമുള്ള കാരണങ്ങൾ കാണിച്ച് കോടതി നിരസിക്കുകയുണ്ടായി. എന്നാൽ ലീഗൽ അഡ്വൈസർ കോമ്പീറ്റന്റ് അതോറിറ്റി ആയതിനാലും സംസ്ഥാന ഖജനാവിന് നഷ്ടമുണ്ടായിട്ടില്ലാത്തതിനാലും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിലും ഉത്തമവിശ്വാസത്തിലാണ് ഈ കേസ് പിൻവലിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുത്തത്. ഈ കേസിൽ തൃശ്ശൂർ വിജിലൻസ് കോടതി പറഞ്ഞിട്ടുള്ള പരാമർശങ്ങൾ ശരിയല്ലാത്തതിനാൽ ഹൈക്കോടതിയിൽ

അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാര്: വിവിധ കോടതികളുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ഈ കേസ് പിൻവലിക്കാൻ പാടില്ലെന്ന് ഈ സർക്കാരിന്റെ മുൻ ആഭ്യന്തരവകുപ്പ് മന്ത്രി ഫയലിൽ എഴുതിയിട്ടുള്ള സാഹചര്യം നിലനിൽക്കെയാണ് ഈ കേസ് പൻവലിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഈ കേസ് പിൻവലിക്കണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടില്ല. കേസ്സിലെ അഞ്ചും രണ്ടും പ്രതികൾ 2013-ൽ കോടതിയിൽ സമർപ്പിച്ച ഡിസ്ചാർജ് പെറ്റീഷൻ അംഗീകരിക്കാൻ പാടില്ലെന്നു പറഞ്ഞതും ഈ ഗവൺമെന്റാണ്. ഈ കേസ് പിൻവലിക്കുന്നതിനുവേണ്ടി 2005-ലും 2013-ലും കൊടുത്ത അഫിഡവിറ്റുകൾ വ്യത്യസ്തമാണ്. ഈ കേസ് ലക്ഷ്യമിട്ടിരിക്കുന്നത് അന്നത്തെ ധനകാര്യമന്ത്രിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രിയെയാണ്. അദ്ദേഹം മുഖ്യമന്ത്രിയായി വന്നപ്പോഴും ഈ കേസ് പിൻവലിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അഴിമതി കേസുകൾ ആർബിട്രറിയായി പിൻവലിക്കാൻ ആർക്കും അധികാരമില്ലെന്ന് സുപ്രീം കോടതിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുവാനുള്ള പ്രോസിക്യൂഷന്റെ വിവേചനാധികാരത്തെയാണ് ഈ ഗവൺമെന്റ്

ചോദ്യംചെയ്തിരിക്കുന്നത്. പാമോലിൻ കേസിൽ വിചാരണ നടത്തി കേസ് തെളിയിക്കുന്നതിന് ഉത്തരവാദപ്പെട്ട ഗവൺമെന്റ് പ്രതികളെ സംരക്ഷിക്കാൻ വേണ്ടി കേസ് പിൻവലിക്കാൻ തീരുമാനിച്ചത് അധികാര ദുർവിനിയോഗമാണ്. ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കേരളത്തിലെ ജനങ്ങളുടെ താത്പര്യം മുൻനിർത്തി പാമോലിൻ ഇറക്കുമതി ചെയ്യാൻ നടപടികൾ സ്വീകരിച്ചതിന്റെ പേരിൽ ഉണ്ടായ കേസുമായി ബന്ധപ്പെട്ട് കഴിഞ്ഞ 23 വർഷക്കാലമായി ഉദ്യോഗസ്ഥരടക്കം നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ വളരെയധികമാണ്. ഈ കേസ് സംബന്ധിച്ച് എ.ജി. യുടെ റിപ്പോർട്ടിൽ ഖജനാവിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാന ഖജനാവിന് നഷ്ടമില്ലാത്ത, പൊതുതാത്പര്യത്തെ മുൻ നിർത്തി നടത്തിയ ഇടപാടിൽ ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്താനോ മറ്റുള്ളവരെ പഴിചാരാനോ അവസരമുണ്ടാകാതിരിക്കാനാണ് കേസ് പിൻവലിക്കാൻ തീരുമാനിച്ചത്. ഇക്കാര്യത്തിൽ സെൻട്രൽ വിജിലൻസ് കമ്മീഷൻ ഉൾപ്പെടെയുള്ള ഏജൻസികളുടെ അഭിപ്രായംകൂടി പരിഗണിച്ചിരുന്നു. ഈ കേസ് പിൻവലിക്കാമെന്ന് സുപ്രീകോടതിയും പറഞ്ഞിട്ടുണ്ട്. അന്ന് ധനകാര്യ മന്ത്രിയായിരുന്ന ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഈ

കേസിൽ ഒരു കാരണവശാലും പ്രതിചേർക്കാൻ സാധിക്കുകയില്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് തൃശ്ശൂർ വിജിലൻസ് കോടതിയിൽ വിത്ഡ്രോവൽ ഫയൽ ചെയ്തത് നിയമാനുസരണം തന്നെയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : പാമോലിൻ കേസുമായി ബന്ധപ്പെട്ട വിഷയം സഭയിൽ ചർച്ചയ്ക്ക് വന്നപ്പോൾ അന്നത്തെ ധനകാര്യവകുപ്പ മന്ത്രി എന്ന നിലയിൽ എ.ജി. യുടെ കണ്ടെത്തലുകളെ പൂർണ്ണമായും ന്യായീകരിച്ചുകൊണ്ട് മറുപടി പറഞ്ഞെങ്കിലും അന്നത്തെ പ്രതിപക്ഷാംഗങ്ങളാരുംതന്നെ എനിക്ക് ഈ കേസിൽ പങ്കുള്ളതായി പറഞ്ഞിരുന്നില്ല. തുടർന്ന് അധികാരത്തിൽ വന്ന എല്.ഡി.എഫ്. സർക്കാർ അഞ്ച് വർഷം കേസ് അന്വേഷിച്ചെങ്കിലും എന്നെ പ്രതി ചേർക്കാതെ സാക്ഷിയാക്കുക മാത്രമാണ് ചെയ്തത്. എട്ടുകോടി രൂപയോളം ഖജനാവിന് ലാഭമുണ്ടാക്കിയതല്ലാതെ നഷ്ടം വരുത്തിയിട്ടില്ല. മുൻ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരനെ ലക്ഷ്യം വച്ചാണ് ഈ കേസ്സുമായി പ്രതിപക്ഷം മുന്നോട്ടുവന്നതെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. മൂന്ന് അവസരങ്ങൾ ലഭിച്ചിട്ടും എന്നെ പ്രതിയാക്കാൻ കഴിയാതിരുന്ന പ്രതിപക്ഷം ഇപ്പോൾ ഈ ആരോപണവുമായി മുന്നോട്ടുവന്നിരിക്കുന്നതിന്റെ പിന്നിലുള്ള ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കണം.

അഴിമതിയുണ്ടെന്ന് ആരോപിക്കപ്പെടുന്ന ഈ കേസിലെ പ്രതിയായിരുന്ന ഉദ്യോഗസ്ഥനെ പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്നപ്പോൾ ചീഫ് സെക്രട്ടറിയായി നിയമിച്ചത് എന്തിനായിരുന്നുവെന്ന് വിശദമാക്കണം. അഴിമതി നടന്നതായി പ്രതിപക്ഷത്തിനുപോലും വിശ്വാസമില്ലാത്ത ഈ കേസിൽ ഉൾപ്പെട്ടിരുന്ന ഉദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കാനും കേസ് പിൻവലിക്കാനും തീരുമാനിച്ചത് മന:സാക്ഷിയുടെ അംഗീകാരത്തോടെയാണ്. അത്തരം നടപടികൾ തുടർന്നും ഉണ്ടാകുന്നതാണെന്ന് അറിയിക്കുന്നു. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദന്, സി. ദിവാകരന്, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**<u>ശ്രദ്ധക്ഷണിക്കൽ</u>**

(1) **<u>നിർമ്മാണ മേഖലയിലെ പ്രതിസന്ധി</u>**

<u>ശ്രീ. പി. ഉബൈദുള്ള</u> : നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യംമൂലം

കേരളത്തിലെ തൊഴിൽ മേഖല അതിരൂക്ഷമായ പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനത്തെ വ്യാവസായിക രംഗത്തെയാകെ ബാധിക്കുകയും നിലവിലുള്ള തൊഴിലവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യമാണ് സംജാതമായിരിക്കുന്നത്. നിർമ്മാണ വസ്തുക്കളുടെ ഉല്പാദനത്തിനുള്ള തടസ്സങ്ങളും ഇടയ്ക്കിടെയുണ്ടാകുന്ന പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവും നിർമ്മാണ സാമഗ്രികളുടെ വില ഉയരാനിടയാക്കുന്നു. മണൽ ക്ഷാമവും മണൽ വാരുന്നതിനുള്ള നിയന്ത്രണവുംമൂലം കെട്ടിടനിർമ്മാണം തടസ്സപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത്. മണൽ ക്ഷാമവും പരിസ്ഥിതി സംരക്ഷണവും കണക്കിലെടുത്ത് പകരം മറ്റൊരു സംവിധാനത്തെക്കുറിച്ച് ആലോചിക്കാനും നിർമ്മാണ മേഖലയിൽ നൂതന രീതികൾ അവലംബിക്കാനും തയ്യാറാകണം. പരമ്പരാഗത രീതികൾക്കുപകരം ചെലവ് കുറഞ്ഞതും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമായ രീതികൾ നടപ്പിലാക്കുന്നതിന് അനുസൃതമായ നടപടി സ്വീകരിക്കണം. ഈ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് കൃത്യമായ പഠനം നടത്തി ശാശ്വത പരിഹാരം ഉണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം ഇന്ന് സംസ്ഥാനം നേരിടുന്ന ഗൗരവമേറിയ പ്രശ്നമാണ് . ഇതുമൂലം പല വികസന പ്രവർത്തനങ്ങളും തടസ്സപ്പെടുകയും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. സുപ്രീം കോടതിയും ഗ്രീൻ

ട്രിബ്യൂണലും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവും നൽകിയിട്ടുള്ള വ്യവസ്ഥകൾ പാലിക്കുമ്പോൾ മണൽവാരല്, മണ്ണെടുക്കല്, പാറ ഖനനം എന്നിവയിൽ പൂർണ്ണമായ നിരോധനമാണ് വന്നിരിക്കുന്നത്. ഇക്കാര്യം ജനുവരി ഒന്നാം തീയതി കൂടിയ മന്ത്രിസഭായോഗം ചർച്ച ചെയ്യുകയും 10-01-2014-ലെ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്ത് നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അനധികൃത ഖനനങ്ങൾക്കെ തിരെയുള്ള കർശന നിയന്ത്രണ സംവിധാനങ്ങൾ സംബന്ധിച്ച് മോഡിഫിക്കേഷൻ പെറ്റീഷൻ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രീംകോടതി, ഗ്രീൻ ട്രിബ്യൂണൽ തുടങ്ങിയ നിയമ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കാൻ കഴിയുന്നത്ര ഇളവുകൾനേടാനും പൊതു നിബന്ധനകൾ പാലിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട നദീതീരങ്ങളിൽ മണൽ ഖനനം ചെയ്യുന്നതിനുമുള്ള അനുമതിക്കുവേണ്ടി പരിസ്ഥിതി ക്ലിയറൻസിനായി സംസ്ഥാന പരിസ്ഥിതി ആഘാത പഠന അതോറിറ്റിയുടെ അനുമതി നേടിയെടുക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ഗവൺമെന്റ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ റവന്യൂ-തൊഴിൽ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തേണ്ടതുണ്ട്. ഈ വിഷയം കാബിനറ്റ് വീണ്ടും ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എത്രയുംപെട്ടെന്ന് സ്വീകരിക്കുന്നതാണ്.

(2) **<u>ടെക്സ്റ്റൈൽ മില്ലുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ</u>**

<u>ശ്രീ. എ.കെ. ബാലൻ</u> : കേരളത്തിലെ ടെക്സ്റ്റൈൽ മേഖല ഇന്ന് വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന 13 മില്ലുകൾ സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനമോ മറ്റാനുകൂല്യങ്ങളോ ലഭിക്കുന്നില്ല. പ്രവർത്തന മൂലധനമില്ലാത്തതാണ് മില്ലുകൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. അസംസ്കൃത വസ്തുക്കളായ പരുത്തിയും പോളിസ്റ്ററും വാങ്ങാൻ കഴിയുന്നില്ല. വായ്പകൾ റീ-ഷെഡ്യൂൾ ചെയ്യാൻ ബാങ്കുകൾ തയ്യാറാകുന്നില്ല. ഈ മില്ലുകൾക്ക് സ്വകാര്യ മില്ലുകളുമായി മത്സരിക്കാൻ കഴിയുന്നില്ലെന്നുമാത്രമല്ല, പരിമിതമായി ഉല്പ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾപോലും വിറ്റഴിക്കാൻ സാധിക്കാതെ കെട്ടിക്കിടക്കുകയാണ്. സഹകരണ മില്ലുകളുടെ നവീകരണത്തിന് എന്.സി.ഡി.സി.-യുടെ സഹായം ലഭ്യമാക്കുന്നതിന് സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല. ജീവനക്കാർക്കുള്ള ശമ്പള വർദ്ധന, ക്ഷാമബത്ത മുതലായ ആനുകൂല്യങ്ങളിൽ വൻ കുടിശ്ശികയാണ്. അടിക്കടിയുണ്ടാകുന്ന വൈദ്യുതി ചാർജ് വർദ്ധന താങ്ങാൻ കഴിയാത്തതാകയാൽ ഈ മില്ലുകൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതി നൽകാൻ സർക്കാർ തയ്യാറാകണം. അസംസ്കൃത വസ്തുക്കൾ വാങ്ങിയതിലും വൈദ്യുതി ചാർജ്ജ് ഇനത്തിലും

തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിലും വർഷങ്ങളായി കുടിശ്ശിക വരുത്തിയിരിക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക മില്ലുകളുടെ നവീകരണത്തിനും പ്രവർത്തന മൂലധനത്തിനും വിനിയോഗിക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. കേരളത്തിലെ ടെക്സ്റ്റയിൽ മില്ലുകൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടിയുണ്ടാകണം. മില്ലുകൾക്ക് പ്രവർത്തന മൂലധനം അനുവദിക്കാനും നവീകരണ പദ്ധതി തയ്യാറാക്കാനും സഹകരണ മില്ലുകളുടെ പുന:സംഘടനയ്ക്ക് എൻ.സി.ഡി.സി. യുടെ സഹായം ഉറപ്പുവരുത്താനും ബാങ്ക് കടങ്ങൾ റീഷെഡ്യൂൾ ചെയ്യാനും സൗജന്യ നിരക്കിൽ വൈദ്യുതി നൽകാനും തൊഴിലാളികൾക്ക് ഇടക്കാലാശ്വാസവും ക്ഷാമബത്തയും അനുവദിക്കാനും നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച ഉദുമ, പിണറായി മില്ലുകൾ പ്രവർത്തനക്ഷമമാക്കാനാവശ്യമായ തുക അനുവദിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ദേശീയ തലത്തിൽതന്നെ ടെക്സ്റ്റയിൽ മില്ലുകൾ അതിരൂക്ഷമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ മില്ലുകളുടെ

സാമ്പത്തിക പ്രതിസന്ധിയും കുടിശ്ശിക വർദ്ധിച്ചുവരുന്നതുമായ പ്രശ്നങ്ങൾ മനസ്സിലാക്കി ഒരു പ്രത്യേക പാക്കേജ് എന്ന നിലയിൽ കഴിഞ്ഞ ബഡ്ജറ്റിൽ 60 കോടി രൂപ വകയിരുത്തുകയും 27 കോടി രൂപ അനുവദിക്കുകയും ചെയ്തു. അംസംസ്കൃത വസ്തുവായ പഞ്ഞിക്ക് ഇപ്പോൾ വില കുറഞ്ഞിരിക്കുന്ന അവസ്ഥയാണ്. ഓരോ മില്ലിനും ഫ്യൂച്ചർ പാക്കേജ് കൊണ്ടുവരാനാണ് ആലോചിക്കുന്നത്. സപ്ലിമെന്ററി ഡിമാന്റ് പാസ്സാക്കുന്ന ഫെബ്രുവരി ആദ്യ വാരത്തിൽ ബാക്കി തുക നൽകുന്നതിലൂടെ പ്രതിസന്ധി മാറുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ദീർഘകാലാടിസ്ഥാനത്തിലുള്ള പാക്കേജുകൾ നടപ്പിലാക്കുന്നതു സംബന്ധിച്ചും പരിശോധിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പിണറായി, കോമളപുരം, ഉദുമ തുടങ്ങിയ മില്ലുകൾ പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

## സബ്മിഷൻ

### (1) സമരം നടത്തുന്നതിന് പൊതുസ്ഥലം

ശ്രീ. ബെന്നി ബെഹനാൻ: ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിനു മുൻവശം സ്ഥിരമായി സമരവേദിയാകുന്നതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളിലുള്ളതുപോലെ

സ്ഥിരമായി ഒരു പൊതുവേദി കണ്ടെത്തുന്നതിനുള്ള തീരുമാനമെടുക്കുന്നതിനായി സർവ്വകക്ഷി യോഗം വിളിക്കാൻ തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കേരളത്തിലെ വിവിധ രാഷ്ട്രീയപാർട്ടികളും സാമുദായിക-സർവ്വീസ്-തൊഴിലാളി-സാംസ്കാരിക സംഘടനകളും തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റും നിയമസഭയും സ്ഥിതി ചെയ്യുന്ന എം.ജി. റോഡ് കേന്ദ്രീകരിച്ച് റാലികളും ജാഥകളും ശക്തി പ്രകടനങ്ങളും നടത്തുന്നതുകാരണം സിറ്റിയുടെ പ്രധാന നിരത്തുകളിൽ മണിക്കൂറുകളോളം ഗതാഗതം സ്തംഭിക്കുകയും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടും കഷ്ടനഷ്ടങ്ങളും ഉണ്ടാകുകയും സഞ്ചാര സ്വാതന്ത്ര്യം ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കാതെയും വരുന്നുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന വീഥിയായ എം.ജി. റോഡിലെ ഗതാഗതകുരുക്കുമൂലം സ്കൂളുകളുടേയും സർക്കാരിതര സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും രോഗികൾക്ക് ആശുപത്രികളിലും യാത്രക്കാർക്ക് റെയിൽവേ സ്റ്റേഷൻ, എയർപോർട്ട് എന്നിവിടങ്ങളിലേക്കും യഥാസമയം എത്തിച്ചേരുന്നതിന് സാധിക്കാതെയും വരുന്നു. വിവിധ രാഷ്ട്രീയ-സാംസ്കാരിക-സംഘടനകൾ നടത്തുന്ന ജാഥകളും പ്രകടനങ്ങളും തിരക്കു

കുറഞ്ഞ ശംഖുമുഖംപോലുള്ള സ്ഥലത്തുവച്ച് നടത്തുന്നത് കൂടുതൽ സൗകര്യപ്രദവും തർക്കമില്ലാത്ത വിഷയവുമാണ്. എല്ലാ രാഷ്ട്രീയകക്ഷികളുമായി ഈ വിഷയം സംബന്ധിച്ച് വിശദമായ ചർച്ച നടത്താനായി യോഗം വിളിക്കുന്നതാണ്.

**(2) വൈഗാ ത്രെഡ്സ് കമ്പനിയുടെ ഭൂമിയും കെട്ടിടങ്ങളും ഏറ്റെടുക്കൽ**

ശ്രീ. ബി. ഡി. ദേവസ്സി: കൊരട്ടിയിലെ വൈഗാ ത്രെഡ്സ് കമ്പനിയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും ഭൂമിയും കെട്ടിടങ്ങളും സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനും തൊഴിലാളികൾക്ക് അർഹമായ കോമ്പൻസേഷൻ തുക നൽകുന്നതിനും കർണ്ണാടക ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിനെക്കുറിച്ചും മുഖ്യമന്ത്രിയുടേയും റവന്യൂ വകുപ്പുമന്ത്രിയുടേയും സാന്നിധ്യത്തിൽ നടന്ന ചർച്ചകളിലുണ്ടായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും സംയുക്ത ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ സമരമുഖത്ത് തുടരുന്ന തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കാനും അടിയന്തര നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള പ്രസ്തുത വിഷയം സംബന്ധിച്ച് പല പ്രാവശ്യം യോഗം വിളിച്ചുകൂട്ടുകയും

ഭൂമി ഗവൺമെന്റ് ഏറ്റെടുത്ത് കമ്പനി കൊടുക്കേണ്ട നഷ്ടപരിഹാരം ഗവൺമെന്റ് നൽകാമെന്ന നിലയിൽ ധാരണയുണ്ടായിട്ടുള്ളതുമാണ്. കർണ്ണാടക ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിൽ തൊഴിലാളികൾകൂടി കക്ഷി ചേർന്നിട്ടുണ്ട്. 10-09-2013-ലെ മീറ്റിംഗിനുശേഷം ഹൈക്കോടതിയിലെ ഹിയറിംഗ് വരാത്ത സാഹചര്യത്തിൽ യൂണിയനുകളുമായി റവന്യൂ വകുപ്പ് മന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുണ്ടായ ധാരണകൾ ബോധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പ്രശ്നപരിഹാരത്തിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സാധ്യമായ നടപടികളുണ്ടാകും.

**(3) ഖനനാനുമതി പിൻവലിക്കൽ**

<u>ശ്രീ. ഇ. ചന്ദ്രശേഖരന്:</u> കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലത്തിൽപ്പെട്ട കിനാലൂർ കരിന്തളം പഞ്ചായത്തിലെ കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനം ചെയ്യുന്നതിന് മുംബൈ ആസ്ഥാനമായ 'ആശാപുര' കമ്പനിക്ക് സർക്കാർ നൽകിയ അനുമതി പിൻവലിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ പി.കെ. കുഞ്ഞാലിക്കുട്ടി)</u>: കാസർകോട് ജില്ലയിൽ കിനാലൂർ വില്ലേജിൽ ഉൾപ്പെടുന്ന

സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ബോക്സൈറ്റ് ഖനനത്തിന് മെസേഴ്സ് ആശാപുര മിനറൽ ലിമിറ്റഡ്, മുംബൈ എന്ന കമ്പനിക്ക് ലീസ് നൽകിയെങ്കിലും പൊതുജനങ്ങളുടേയും മാധ്യമങ്ങളുടേയും എതിർപ്പുമൂലം സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ സർക്കാർ അനുവദിച്ചില്ല. ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകി ക്യാൻസൽ ചെയ്യേണ്ടതാണെങ്കിൽ ക്യാൻസൽ ചെയ്യും.

### (4) കെ.എസ്.ആർ.ടി.സി. പെൻഷൻകാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ കെ. മുരളീധരന്: കെ.എസ്.ആർ.ടി.സി-യിൽനിന്നും വിരമിച്ച ജീവനക്കാർക്ക് മുടക്കം കൂടാതെ പെൻഷൻ നൽകുവാനും നിലവിലുള്ള കുടിശ്ശിക പെൻഷൻ കാലവിളംബം കൂടാതെ വിതരണം ചെയ്യാനും അടിയന്തര നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്): കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുതിയ ചില നടപടികൾ സ്വീകരിക്കാൻ

ശ്രമിക്കുകയാണ്. 1984-ൽ കെ.എസ്.ആര്.ടി.സി. ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് തീരുമാനിച്ചെങ്കിലും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ സ്റ്റാറ്റ്യൂട്ടറി പെൻഷനായി കണക്കാക്കാൻ സാധ്യമല്ലാ യെന്നും കെ.എസ്.ആര്.ടി.സി. യുടെ സാമ്പത്തികശേഷി കണക്കിലെടു ക്കാതെയാണ് പെൻഷൻ നൽകാൻ നിർദ്ദേശം നൽകിയതെന്നുമുള്ള വാദഗതിയുണ്ട്. നിലവിൽ പ്രതിമാസ പെൻഷൻ വിതരണം ചെയ്യാൻ 36 കോടി രൂപയും മുൻകാലങ്ങളിൽ പെൻഷൻ നൽകുന്നതിനെടുത്ത വായ്പയുടെ തിരിച്ചടവ് ഇനത്തിൽ 42 കോടി രൂപയുമുൾപ്പെടെ 78 കോടി രൂപയുടെ പ്രതിമാസ ചെലവ് കളക്ഷനുള്ളിൽ നിന്നും കണ്ടെത്താനാകാതെയുള്ള സാമ്പത്തിക ബുദ്ധിമുട്ട് കെ.എസ്.ആര്.ടി.സി. നേരിടുകയാണ്. പണത്തിന്റെ ലഭ്യത കൃത്യമായി ഉറപ്പാക്കാൻ കഴിയാത്തതുകൊണ്ട് പെൻഷൻ മുൻകൂറായി വിതരണം ചെയ്യാൻ കോർപ്പറേഷന് സാധിച്ചിട്ടില്ല. ഓരോ മാസവും പെൻഷൻ തുക കണ്ടെത്തി എത്രയും പെട്ടെന്ന് വിതരണം ചെയ്യാനുള്ള സമീപനമാണ് കെ.എസ്.ആര്.ടി.സി. സ്വീകരിച്ചു വരുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നും എടുത്ത വായ്പത്തുക 2013

ഒക്ടോബർ മാസത്തോടുകൂടി പൂർണ്ണമായും ഉപയോഗിച്ചു കഴിഞ്ഞു. പെൻഷൻ വിതരണത്തിനായി കൂടുതൽ തുക അനുവദിക്കണമെന്ന് കെ.റ്റി.ഡി.എഫ്.സി. യോട് ആവശ്യപ്പെട്ടെങ്കിലും വായ്പ നൽകാൻ കഴിയില്ലായെന്ന നിലപാട് സ്വീകരിച്ചതിനെത്തുടർന്ന് നവംബര്, ഡിസംബർ മാസങ്ങളിലെ പെൻഷൻ വിതരണം തടസ്സപ്പെട്ടു. കെ.എസ്.ആര്.ടി.സി. യിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് സർക്കാർ 75 കോടി രൂപ വായ്പ അനുവദിച്ചതിൽ 2013 നവംബർ മാസത്തിൽ 36 കോടി രൂപയും ഡിസംബർ മാസത്തിൽ 25 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2013-14 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആര്.ടി.സി.-ക്ക് മൂലധന വായ്പയായി 125 കോടി രൂപയും പദ്ധതി വിഹിതമായി 55 കോടി രൂപയും വകയിരുത്തിയിരുന്നു. പദ്ധതിവിഹിതം വിവിധ പദ്ധതികൾക്കായി വിനിയോഗിച്ചു. കൂടാതെ 10 കോടി രൂപ ഡീസൽ സബ്സിഡിയായി അനുവദിച്ചു നൽകിയിട്ടുണ്ട്. കെ.എസ്.ആര്.ടി.സി.-യുടെ നവീകരണം സംബന്ധിച്ച പുനരുദ്ധാരണ പാക്കേജിനെക്കുറിച്ചും പെൻഷൻ ബാധ്യതകളെല്ലാം എല്.ഐ.സി.-യുമായി ബന്ധപ്പെടുത്തി നൽകാൻ കഴിയുമോയെന്നുള്ളതിനെ

ക്കുറിച്ചും ആലോചിച്ചുകൊണ്ടിരിക്കുന്നു. സർക്കാരിന്റെ പൂർണ്ണമായ സഹായത്തോടെ ഈ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (5) ആദിവാസികൾക്ക് ഭൂമി നൽകുന്നത് സംബന്ധിച്ച്

ശ്രീ. റ്റി.യു. കുരുവിള: കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ വാരിയംകുടി, ഉരുളംപെട്ടി തുടങ്ങി 9 ആദിവാസി കുടികളിൽ നിന്നുമുള്ള കുടുംബങ്ങൾ കാട്ടുമൃഗങ്ങളുടെ നിരന്തരമായ ആക്രമണത്തെത്തുടർന്ന് കണ്ടമ്പാറയിൽ വന്ന് കുടിൽ കെട്ടി താമസിക്കുന്നത് സംബന്ധിച്ചുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും മുൻ തീരുമാന പ്രകാരം ഉരുളംപെട്ടിയിൽ നൽകുവാൻ നിശ്ചയിച്ച സ്ഥലത്ത് താൽകാലിക ഷെഡ് കെട്ടാനും ദുരിതപൂർണ്ണമായ അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്): കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ സങ്കേതത്തിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കണ്ടൻ പാറയിലെ 523 ഏക്കർ വനഭൂമി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത വനഭൂമി വിട്ടുനൽകുമ്പോൾ വന സംരക്ഷണ

നിയമ പ്രകാരം അടയ്ക്കാനുള്ള നെറ്റ് പ്രസന്റ് വാല്യൂ, കോസ്റ്റ് ഓഫ് കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ എന്നിവ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പ്രൊപ്പോസൽ കേന്ദ്രമന്ത്രാലയത്തിന് നൽകുന്നതാണ്.

(6) **റെഗുലേറ്റർ - കം - ബ്രിഡ്ജ സ്**

പ്രൊഫ. സി. രവീന്ദ്രനാഥ്: ചിമ്മിനി ഡാമിലെ ജലം പൂർണ്ണമായും ഉപയോഗിക്കുന്നതിന് റെഗുലേറ്റർ-കം-ബ്രിഡ്ജുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ചിമ്മിനി ഡാമിലെ ജലം പൂർണ്ണമായും ഉപയോഗിക്കുന്നതിനാവശ്യമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് വരികയാണ്. ആറ്റിപ്പള്ളി റെഗുലേറ്ററിന്റെ പണിയിൽ കാലതാമസം നേരിട്ടതിനാൽ നബാർഡിന്റെ സാമ്പത്തിക സഹായം നിർത്തലാക്കുകയുണ്ടായി. 70 ശതമാനം പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിയുടെ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചശേഷം തുടർനടപടികൾ കൈക്കൊള്ളുന്ന താണ്. തോട്ടുമുഖം, കണ്ണാറ്റുപാടം, കാരുകുളം, കാനത്തോട് എന്നീ റെഗുലേറ്റർ-കം-ബ്രിഡ്ജുകളുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

(7) **വേടർ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തൽ**

<u>ശ്രീ. വർക്കല കഹാര്</u>: വേടർ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനും ഇവരുടെ സെൻസസ് എടുക്കുന്നതിനും ജീവിത സുരക്ഷ ഉറപ്പാക്കുന്നതിനായി പാക്കേജ് ആവിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽകുമാര്</u>): വേടർ സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്തിരുന്നുവെങ്കിലും അംഗീകരിക്കുക യുണ്ടായില്ല. വേടർ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വീണ്ടും കേന്ദ്രഗവൺമെന്റിന് ശുപാർശ നൽകുന്നതാണ്.

(8) **<u>ചുരം ബദൽ പാത</u>**

<u>ശ്രീ. സി. മോയിൻകുട്ടി</u>: കസ്തൂരിരംഗൻ റിപ്പോർട്ടിനെ തുടർന്ന് നിർമ്മാണ സാധ്യതയ്ക്ക് മങ്ങലേറ്റ വയനാട് ചുരം ബദൽ റോഡ് നിർമ്മിക്കുന്നതിനാ വശ്യമായ സ്ഥലമേറ്റെടുത്തുകൊണ്ട് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരി ക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>): ദേശീയ പാത 2012-ന്റെ ഭാഗമായ താമരശ്ശേരി ചുരം റോഡിന് ബദലായി നിർമ്മിക്കുന്ന വയനാട് ചുരം ബദൽ റോഡ് പരിസ്ഥിതി ദുർബല പ്രദേശങ്ങളിലൂടേയും

സംരക്ഷിത വനഭൂമിയിലൂടേയും കടന്നുപോകുന്നതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചുരം ബദൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ആശങ്കകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി ദൂരീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗുരുവായൂർ ക്ഷേത്രത്തിലെ കിഴക്കേനടയിൽ റെയിൽവേ അനുമതി നൽകിയ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണച്ചെലവിൽ സംസ്ഥാന സർക്കാർ വഹിക്കേണ്ട തുകയ്ക്ക് ഭരണാനുമതി നൽകുന്നതിനും മേൽപ്പാലം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): 2012-13-ലെ റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുരുവായൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 22.5 കോടി രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിക്ക് 12 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. നിർമ്മാണം പൂർത്തിയാകുമ്പോൾ റെയിൽവേയുടെ വിഹിതമായി 975 ലക്ഷം രൂപ ലഭ്യമാകുന്നതാണ്. പ്രസ്തുത പ്രവൃത്തിക്ക്

ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## (10) **പുത്തൻതോപ്പ് പാലം**

ശ്രീ. വി. ശശി: ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ പാർവ്വതി പുത്തനാർ തോടിന് കുറുകെയുള്ള പുത്തൻതോപ്പ് പാലം അടിയന്തരമായി പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പാർവ്വതിപുത്തനാർ തോടിന് കുറുകെയുള്ള അപകടാവസ്ഥയിലായ പുത്തൻതോപ്പ് പാലം പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി രണ്ടര ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തിയായിട്ടുണ്ട്. ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കിയാലുടൻതന്നെ പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തു വച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**അറിയിപ്പ്**

**കേരള നിയമസഭ മൂവായിരം സിറ്റിംഗ് പൂർത്തിയാക്കിയതു സംബന്ധിച്ച്**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കേരള നിയമസഭ ഇന്ന് മൂവായിരം സിറ്റിംഗ് പൂർത്തിയാക്കിയിരിക്കുന്നു എന്നുള്ള അഭിമാനകരമായ കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്.

മി. സ്പീക്കര്: എല്ലാപേർക്കും ഇതിൽ അഭിമാനിക്കാം. ഈ വിവരം ശ്രദ്ധയിൽപ്പെടുത്തിയ ബഹുമാനപ്പെട്ട മന്ത്രിക്ക് നന്ദി രേഖപ്പെടുത്തുന്നു.

**നിയമനിർമ്മാണ കാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

(1) **2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ**

**ക്രമപ്രശ്നം**

**ബില്ലിലെ അപാകത സംബന്ധിച്ച്**

ശ്രീ. എ. കെ. ബാലന്: ദേശീയ ന്യൂനപക്ഷ കമ്മീഷൻ കൈകാര്യം ചെയ്യുന്ന കാര്യങ്ങളിൽ സംസ്ഥാന കമ്മീഷന് അധികാരമില്ലായെന്നാണ് ഈ ബില്ലിൽ പറഞ്ഞിട്ടുള്ളത്. അതുമാത്രമല്ല കേന്ദ്ര നിയമത്തിൽ പറഞ്ഞിട്ടുള്ളതിനേ

ക്കാൾ കൂടുതലായി ഒന്നുംതന്നെ ഈ ബില്ലിൽ ഇല്ലാത്തതിനാൽ ഇത് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): ദേശീയ ന്യൂനപക്ഷ കമ്മീഷൻ കൈകാര്യം ചെയ്യുന്ന കാര്യങ്ങൾക്ക് വിരുദ്ധമല്ലാത്ത ഏതുകാര്യവും സംസ്ഥാന കമ്മീഷൻ ചെയ്യുന്നതിന് നിയമതടസ്സമില്ല. സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ദേശീയ കമ്മീഷൻവഴി നിർവ്വഹിക്കാൻ സാധിക്കുകയില്ല. അതിനാൽ ബിൽ അവതരിപ്പിക്കാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ദേശീയ ന്യൂനപക്ഷ കമ്മീഷന്റെയും സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർപേഴ്സൺമാരുടെയും സമ്മേളനത്തിൽ എല്ലാ സംസ്ഥാനങ്ങളും ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നത്. ബില്ലിലെ ഒമ്പതാം വകുപ്പിൽ ചേർത്തിട്ടുള്ള വിഷയങ്ങളിൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ മാത്രമേ സംസ്ഥാന കമ്മീഷന്

ആധികാരിത ഇല്ലാതാകുന്നുള്ളൂ. സ്റ്റാറ്റ്യൂട്ടറി പദവിയുള്ള സംസ്ഥാന കമ്മീഷൻ രൂപീകരിക്കുകയെന്നതാണ് ഇപ്പോൾ അവതരിപ്പിക്കുന്ന ബില്ലിന്റെ ഉദ്ദേശം എന്നതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: എല്ലാ സംസ്ഥാനങ്ങളും ന്യൂനപക്ഷ കമ്മീഷൻ

രൂപീകരിക്കണമെന്ന് ദേശീയ ന്യൂനപക്ഷ കമ്മീഷനും സച്ചാർ കമ്മിറ്റിയും പാലൊളി കമ്മിറ്റിയും ശുപാർശചെയ്തിരുന്നു. ന്യൂനപക്ഷ കമ്മീഷൻ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല എന്നത് പ്രബുദ്ധ കേരളത്തിന്റെ യശസ്സിന് മങ്ങലേൽപ്പിക്കുന്നുവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ദേശീയ കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന കമ്മീഷൻ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. കേരള നിയമസഭ സമ്മേളനത്തിലില്ലാ തിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം അടിയന്തരമായി നടപ്പിലാക്കേണ്ട സാഹചര്യം നിലവിലുണ്ടായിരുന്നതിനാലുമാണ് ഓർഡിനൻസ് ഇഷ്യൂ ചെയ്തത്.

<u>ശ്രീ. എ. കെ. ബാലന്</u>: I move that - "This House resolves to disapprove The Kerala State Commission for Minorities Ordinance, 2013 (Ordinance No.44 of 2013)". ദേശീയ കമ്മീഷൻ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സംസ്ഥാന കമ്മീഷൻ കൈകാര്യം ചെയ്യാൻ പാടില്ലെന്ന് ക്ലാസ് 9-ൽ പറയുന്നുണ്ടെങ്കിലും സംസ്ഥാന കമ്മീഷൻ കൈകാര്യം ചെയ്യേണ്ടതായി ബില്ലിൽ പറയുന്ന കാര്യങ്ങളെല്ലാം ദേശീയ കമ്മീഷൻ കൈകാര്യം ചെയ്യുന്നുണ്ട്. സിവിൽ കോടതിയുടെ അധികാരം കമ്മീഷന് നൽകിയിട്ടുണ്ടെങ്കിലും തെളിവെടുപ്പ് നടത്താമെന്നല്ലാതെ എൻഫോഴ്സ്മെന്റ് അധികാരങ്ങളൊന്നും

നൽകിയിട്ടില്ല. 1992-ലെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിയമത്തിന്റെ മാതൃകയിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ജൈനമതം പോലെ കേരളത്തിലെ മറ്റ് ന്യൂനപക്ഷങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഓരോ സംസ്ഥാനത്തിന്റെയും സാഹചര്യം കണക്കിലെടുത്താണ് ന്യൂനപക്ഷങ്ങളെ നിർവ്വചിക്കേണ്ടതെന്ന് സുപ്രീംകോടതി വിധിയുണ്ട്. കേരളത്തിലെ ന്യൂനപക്ഷങ്ങൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സുരക്ഷിതരും എല്ലാ മേഖലയിലും മുൻപന്തിയിൽ നില്ക്കുന്നവരുമാണ്. ജനസംഖ്യാനുപാതികമായി ന്യൂനപക്ഷങ്ങൾക്ക് പ്രാതിനിധ്യം ലഭിക്കുന്നത് കേരളത്തിൽ മാത്രമാണ്.

<u>ശ്രീ. സി. ദിവാകരൻ</u> : നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ന്യൂനപക്ഷ ക്ഷേമത്തിനായി ഒരു ബിൽ പാസ്സാക്കാൻ കഴിയാതെപോയത് എന്തുകൊണ്ടാണെന്നുള്ളത് ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ പുറപ്പെടുവിച്ചിരിക്കുന്ന പല ശുപാർശകളും പ്രാബല്യത്തിൽ വരുത്താൻ കഴിയാത്തവയാണ്. ഏതൊക്കെ ന്യൂനപക്ഷ സമുദായങ്ങൾ എവിടെയൊക്കെ കേന്ദ്രീകരിച്ചിരിക്കുന്നുവെന്നത് സംബന്ധിച്ച് ആവശ്യമായ വിശദീകരണം നൽകാൻ ഈ ബില്ലിന് കഴിഞ്ഞിട്ടില്ല. ഇന്ത്യൻ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ മുസ്ലിം യുവാക്കളെ ജയിലിൽനിന്നും

മോചിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും വേണ്ട യാതൊരു നിർദ്ദേശങ്ങളും ബില്ലിൽ പരാമർശിച്ചിട്ടില്ല. സ്റ്റേറ്റ് ലെവലിലുള്ള ഒരു മോണിറ്ററിംഗ് വകുപ്പ്, വൈസ് ചെയർപേഴ്സൻ എന്നിവ സംബന്ധിച്ച് കേന്ദ്ര നിയമത്തിൽ പറയുന്നുണ്ടെങ്കിലും അതുസംബന്ധിച്ച ഒരു വ്യവസ്ഥയും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ന്യൂനപക്ഷങ്ങൾക്ക് നിയമ പരിരക്ഷയും സർക്കാരിന്റെയും സമൂഹത്തിന്റെയും പ്രത്യേക പരിഗണനയും ലഭ്യമാക്കണം. സാമൂഹ്യ പ്രതിബദ്ധത യില്ലാതെ ഭൂമാഫിയകൾക്കും പണം തട്ടിപ്പകാർക്കും വേണ്ടി ഭരണം നടത്തുന്ന ഒരു സർക്കാരാണിത്. പോഷകാഹാരക്കുറവുമൂലം അട്ടപ്പാടിയിൽ കുട്ടികൾ മരണപ്പെട്ട സംഭവത്തിന് മന്ത്രിമാർ നിർഭാഗ്യകരമായ പ്രതികരണമാണ് നടത്തിയത്. ഈ ബിൽ നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി സർക്കാരിനില്ല. ഒട്ടേറെ വൈകല്യങ്ങളുള്ള ഈ ബില്ലിന് പകരം പുതിയ ഒരു ബിൽ അവതരിപ്പിക്കാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. റ്റി.എ. അഹ്മദ് കബീർ</u> : 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ന്യൂനപക്ഷ വിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള പല നടപടികളും കൃത്യമായി നടപ്പിലാകുന്നില്ലെന്ന് മനസ്സിലാക്കി ഇത്തരം ഒരു കമ്മീഷൻ രൂപീകരിക്കാൻ തയ്യാറായ സർക്കാർ നടപടി അഭിനന്ദനാർഹമാണ്.

കേരളീയ സമൂഹം സാമൂഹിക പ്രശ്നങ്ങളിൽ സ്വീകരിക്കുന്ന നിലപാട് ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമല്ലെന്നാണ് ഇവിടെ നടന്ന ചർച്ചകൾ വ്യക്തമാക്കുന്നത്. ജനായത്തം സാമ്പത്തികമായ തുല്യാവസരം നൽകുന്നതു കൂടിയാകണം എന്നതാണ് ഈ നിയമനിർമ്മാണ ത്തിന്റെ കാതല്. മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ ഇന്ത്യൻ ഭരണഘടന ശക്തമായ നിലപാട് എടുത്തിട്ടുണ്ട്. നിയമം ലംഘിക്കുന്നവർ ക്കെതിരെ നടപടികൾ ഉണ്ടാകണം. മുൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ആദ്യത്തെ ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത് ആർട്ടിക്കിൾ 15-ന്റെ കുറവുകൾ പരിഹരിക്കാൻ വേണ്ടിയായിരുന്നു. അധ:സ്ഥിത വർഗ്ഗത്തിന് സ്പെഷ്യൽ പ്രൊവിഷൻ വഴി പരിരക്ഷ നൽകുന്നതിന് വ്യവസ്ഥകൾ തടസ്സമാകരുത് എന്ന അദ്ദേഹത്തിന്റെ തീരുമാനം ഈ നിയമത്തിന് സഹായകരമാണ്. കേന്ദ്ര സർക്കാർ നിയോഗിച്ച സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ശുപാർശകളിൽ മഹാഭൂരിപക്ഷവും നടപ്പിലാക്കിയെന്ന് കാണാൻ കഴിയും. ദേശീയ ന്യൂനപക്ഷ കമ്മീഷന്റേയും സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർപേഴ്സൺമാരുടേയും സമ്മേളനത്തിൽ ഓരോ സംസ്ഥാനത്തും ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ ആവശ്യപ്പെട്ട പ്രകാരം ഇക്കാര്യത്തിൽ അനുകൂല തീരുമാനമെടുത്ത ഗവൺമെന്റിനെ അനുമോദിക്കുന്നു. ഈ ഏജൻസിയുടെ ഇടപെടൽവഴി മതന്യൂനപക്ഷങ്ങളുടെ എംപവർമെന്റ്

ഉണ്ടാകണമെന്നും നിയമത്തിന്റെ എൻഫോഴ്സ്മെന്റ് വേണമെന്നുമുള്ള ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് രണ്ടാമതൊരു കമ്മീഷൻ രൂപീകരിക്കാതെതന്നെ ന്യൂനപക്ഷ പദവി നൽകുന്നതിനുള്ള പ്രൊവിഷൻകൂടി ബില്ലിലെ 9, 10 വകുപ്പുകളിൽ ഉൾപ്പെടുത്തണം. രാജ്യത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തണം.

ഡോ. കെ. ടി. ജലീൽ: 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2003-ൽ ചേർന്ന ദേശീയ ന്യൂനപക്ഷ കമ്മീഷൻ എല്ലാ സംസ്ഥാനങ്ങളിലും സ്റ്റാറ്റ്യൂട്ടറി പദവിയോടുകൂടിയ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും അന്നത്തെ യു.ഡി.എഫ്. സർക്കാർ അധിക സാമ്പത്തിക ബാധ്യത വരുമെന്ന കാരണത്താൽ പ്രസ്തുത നിർദ്ദേശം നീട്ടിവയ്ക്കാൻ തീരുമാനിക്കുകയുണ്ടായി. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പാലൊളി കമ്മിറ്റിയുടെ ശുപാർശ പ്രകാരം രൂപം കൊടുക്കുകയും തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്നുവെന്ന കാരണത്താൽ ഗവർണ്ണർ തിരിച്ചയച്ചതുമായ കരട് ബില്ലാണ് ഇന്ന് അവതരിപ്പിച്ചിരിക്കുന്നത്. ഇന്ത്യയിലെ മുസ്ലീം വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച സച്ചാർ കമ്മിറ്റി സമഗ്രമായ വിവര ശേഖരണം നടത്തി സമർപ്പിച്ച അന്തിമ റിപ്പോർട്ടിലെ ശുപാർശകൾ ക്രിയാത്മകമായി

നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടില്ല. സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് ഗൗരവമായി ആലോചിക്കുകയും പാലൊളി മുഹമ്മദ്കുട്ടി ചെയർമാനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സെക്രട്ടേറിയറ്റിൽ ന്യൂനപക്ഷ സെൽ രൂപീകരിക്കുകയും ചെയ്തു. കോളനിവൽക്കരണത്തിനുശേഷമാണ് ഭൂരിപക്ഷം-ന്യൂനപക്ഷം എന്ന പദപ്രയോഗങ്ങൾ പ്രചാരം നേടിയത്. ഇന്ത്യയിൽ പ്രാചീന കാലം മുതൽക്കേ മതേതരത്വ മൂല്യങ്ങൾക്ക് പ്രസക്തിയുണ്ടായിരുന്നു. കോളനിവൽക്കരണവും രാജ്യത്തിന്റെ മതാടിസ്ഥാനത്തിലുള്ള വിഭജനവുമാണ് മൈനോറിറ്റി/മെജോറിറ്റി എന്ന പ്രയോഗം നിലവിൽ വരാൻ സാഹചര്യം ഒരുക്കിയത്.। രാജ്യത്ത് പല മതന്യൂനപക്ഷ ങ്ങളുണ്ടെങ്കിലും എപ്പോഴും ചർച്ചകൾക്ക് വിധേയമാകുന്നത് മുസ്ലീം ന്യൂനപക്ഷങ്ങളാണ്. ബാബറി മസ്ജിദ്, വേൾഡ് ട്രേഡ് സെന്റർ എന്നിവയുടെ തകർച്ചയ്ക്കുശേഷം നിരപരാധികളായ പല മുസ്ലീം ചെറുപ്പക്കാരും സംശയത്തിന്റെ പേരിൽ രാജ്യത്തെ വിവിധ ജയിലുകളിൽ കഴിയുകയാണ്. മതന്യൂനപക്ഷങ്ങൾക്കിടയിലുള്ള തീവ്രവാദ സാഹചര്യങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞാൽ മാത്രമേ അവരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ സാധിക്കൂ. ബംഗാളിൽ പിന്നോക്കാവസ്ഥ യിൽപ്പെട്ട മുസ്ലീംങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവിടത്തെ ഗവൺമെന്റ് ക്രിയാത്മകമായ

ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സംഘടിതമായ പ്രവർത്തനങ്ങളിലൂടേയും മതേതര പാരമ്പര്യം ഉയർത്തിപ്പിടിച്ചും ഇന്ന് രാജ്യം നേരിടുന്ന തീവ്രവാദ ഭീഷണി തടയാൻ ശ്രമിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന സ്പോർട്ട്സ് ലോട്ടറിയെ ഇസ്ലാമിക വിരുദ്ധമെന്നുപറഞ്ഞ് എതിർത്തവരാണ് ഇന്ന് കാരുണ്യ ലോട്ടറിയെ അനുകൂലിക്കുന്നത്. ഭരിക്കുമ്പോൾ ഒരു നയവും പ്രതിപക്ഷത്തിരിക്കുമ്പോൾ മറ്റൊരു നയവും സ്വീകരിക്കുന്നത് ശരിയല്ല. കേരളത്തിൽ ന്യൂനപക്ഷ ജനവിഭാഗം ഭേദപ്പെട്ട നിലയിൽ കഴിയുന്നുവെങ്കിലും സർക്കാർ ജോലികളിൽ മെറിറ്റ് വിഭാഗത്തിൽ എത്തിപ്പെടാൻ എസ്.സി./എസ്.ടി., മുസ്ലീം ജനവിഭാഗങ്ങൾക്ക് സാധിക്കുന്നില്ല. മത്സര പരീക്ഷകളിൽ പ്രാഗത്ഭ്യം തെളിയിക്കുന്നതിന് ന്യൂനപക്ഷജനവിഭാഗങ്ങളെ പ്രാപ്തരാക്കണം. സഖാവ് ഇ.എം.എസ്. നേതൃത്വം കൊടുത്ത ഇടതുപക്ഷ സർക്കാർ മുൻകയ്യെടുത്താണ് 1969-ൽ മലപ്പുറം ജില്ല രൂപീകൃതമായത്. ഇവിടെ കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും പറയുന്നുണ്ടെങ്കിലും സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളൊന്നുമില്ലാത്ത ഒരു കമ്മീഷനാണ് ഈ ബില്ലിൽ വിഭാവന ചെയ്തിരിക്കുന്നത്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : ന്യൂനപക്ഷ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ സംസ്ഥാനം സ്തുത്യർഹമായ പങ്കാണ് വഹിക്കുന്നത്. സമൂഹത്തിൽ പിന്നോക്കം

നിൽക്കുന്ന ആളുകൾക്ക് ക്ഷേമപദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ന്യൂനപക്ഷ വിഭാഗമായ ജൂതന്മാരെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയണം. ക്ഷേമപദ്ധതികളുടെ ആനുകൂല്യം ഏറെ പിന്നോക്കം നിൽക്കുന്നവരിൽനിന്നും ആരംഭിക്കത്തക്ക രീതിയിൽ വിഭാവനം ചെയ്യുകയും അവ അർഹതപ്പെട്ടവർക്ക് എത്തുന്നുണ്ടോയെന്ന് പരിശോധിക്കുകയും വേണം. ന്യൂനപക്ഷ സമുദായത്തിനുവേണ്ടി പ്രത്യേക വകുപ്പുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്. 1992-ൽ കേന്ദ്രനിയമം അനുസരിച്ച് നോട്ടിഫൈ ചെയ്ത ന്യൂനപക്ഷങ്ങൾക്കുപുറമെ കേരളത്തിലെ ന്യൂനപക്ഷങ്ങളെക്കൂടി ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. ചെയർപേഴ്സണെ തെരഞ്ഞെടുക്കുന്ന അവസരത്തിൽ എല്ലാ വിഭാഗം ന്യൂപക്ഷങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കണം. അർഹരായവർക്ക് ആനുകൂല്യങ്ങൾ കിട്ടത്തക്കരീതിയിലുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കണം.

<u>ശ്രീ. കെ. അജിത്</u>: കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ ശാക്തീകരണത്തിനുതകുന്ന തരത്തിലുള്ള ബില്ലായിരിക്കണം നടപ്പാക്കേണ്ടത്. ന്യൂനപക്ഷങ്ങളുടെ സാമ്പത്തിക-വിദ്യാഭ്യാസ ഉന്നമനത്തിനായി ഇടതുപക്ഷമുന്നണി ആവിഷ്കരിച്ചിരുന്ന പല പദ്ധതികളും നടപ്പിലാക്കാതെ ന്യൂനപക്ഷ പ്രീണനം വാക്കുകളിൽ മാത്രം ഒതുക്കിക്കൊണ്ടുള്ള നിലപാടാണ് ഈ സർക്കാർ സ്വീകരിച്ച

കൊണ്ടിരിക്കുന്നത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സഭയുടെ പൊതുവികാരം കണക്കിലെടുത്ത് ഇവിടെ പറഞ്ഞിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും ഭേദഗതികളും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്. മൈനോറിറ്റിയെന്ന പദം കേന്ദ്ര നിയമത്തിൽ നിർവ്വചിച്ചിട്ടുള്ളതിനാൽ അതിന് വിരുദ്ധമായ ഒരു നിർവ്വചനം സംസ്ഥാന നിയമത്തിൽ ഉൾപ്പെടുത്താൻ സാധിക്കില്ലെങ്കിലും നിലമ്പൂരിലെ പാത്രനിർമ്മാണക്കാരുൾപ്പെടെയുള്ള ചെറിയ വിഭാഗക്കാരെ ബില്ലിന്റെ പരിധിയിലുൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാം. 20-1-14-ലെ കേന്ദ്ര-ക്യാബിനറ്റ് തീരുമാനത്തിൽ ജൈനമത വിഭാഗങ്ങളെക്കൂടി ന്യൂനപക്ഷവിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മദ്രസാ അധ്യാപക ക്ഷേമനിധി യിലെ അംഗസംഖ്യ പ്രൊമോട്ടർമാർ വഴി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ ആഭ്യന്തര

കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) **2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി ) ബിൽ**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ചെയർമാന്: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 485(എ)

വകുപ്പുപ്രകാരം ശവം മറവ് ചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ വാസഗൃഹങ്ങളിൽനിന്നും അമ്പത് മീറ്റർ അകലത്തിൽ മാത്രമെ സ്ഥാപിക്കാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വകുപ്പിന്റെ ക്ലിപ്ത നിബന്ധനപ്രകാരം, കോൺക്രീറ്റ് വാൾട്ടിന്റെ സംഗതിയിൽ പ്രസ്തുത അകലം ഇരുപത്തിയഞ്ച് മീറ്ററായാൽ മതിയെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളിൽ വൈദ്യുത ക്രിമറ്റോറിയങ്ങളുടെയും പെട്രോളിയംഗ്യാസ് കൊണ്ട് പ്രവർത്തിക്കുന്ന ക്രിമറ്റോറിയങ്ങളുടെയും കാര്യത്തിലും ഇരുപത്തിയഞ്ച് മീറ്റർ ദൂരപരിധി പാലിച്ചാൽ മതിയാകും എന്ന് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ക്ലിപ്ത നിബന്ധന ചേർക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. സഭ സമ്മേളനത്തിലില്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം അടിയന്തരമായി നടപ്പിലാക്കേണ്ട സാഹചര്യം നിലവിലുണ്ടായിരുന്നതിനാലുമാണ് ഓർഡിനൻസ് പ്രസിദ്ധീകരിച്ചത്.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u> : I move that - "This House resolves to disapprove The Kerala Municipality (Fourth Amendment) Ordinance, 2013 (Ordinance No. 52 of 2013)". നഗരത്തിലേക്ക് എത്തിച്ചേരുന്നവരുടെ എണ്ണത്തിനനുസൃതമായി പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും വകുപ്പുകളുടെ ഏകോപനത്തിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ലൈസൻസുകൾ

നൽകുന്നതിന് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. ടൗൺ പ്ലാനിംഗ് സംവിധാനം നോക്കുകുത്തികളായി മാറിയിരിക്കുന്നു. ഒരു പൗരന് നഗരങ്ങളിൽ പാർപ്പിടങ്ങള്, ഫ്ളാറ്റുകള്, വില്ലകൾ എന്നിവ എത്രവരെയാകാമെന്ന കാര്യത്തിൽ നിയന്ത്രണമുണ്ടാകണം. നഗരങ്ങളിൽ ഫ്ളാറ്റുകൾ ഉപയോഗശൂന്യമായി കിടക്കുന്ന അവസ്ഥ, നഗരങ്ങളിലെ മാലിന്യങ്ങൾ ഗ്രാമങ്ങളിൽ ഉപേക്ഷിക്കുന്നത് പ്രതിഷേധത്തിന് ഇടയാക്കുന്ന സാഹചര്യം എന്നിവ പ്രത്യേകമായി പരിശോധിക്കണം. നഗരങ്ങളിൽ ശ്മശാനങ്ങൾക്ക് വാസഗൃഹങ്ങളിൽനിന്നും 25 മീറ്റർ അകലം പാലിച്ചാൽ മതിയാകും എന്ന ശുപാർശ ഏത് സാങ്കേതിക വിദഗ്ധരാണ് നൽകിയതെന്ന് വ്യക്തമാക്കണം. വൈദ്യുതി ശ്മശാനവുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ നൽകിയ മറുപടികളിന്മേൽ ക്രിയാത്മകമായ ഒരു ഇടപെടലും നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ശ്മശാനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്രിമറ്റോറിയങ്ങളുടെ പേരിൽ മാതൃകാപരമായ നടപടി സ്വീകരിക്കണം. ജനങ്ങളുടെ ആരോഗ്യത്തിന് മുഖ്യപ്രാധാന്യം നൽകണം. ശാസ്ത്രീയമായ അപഗ്രഥനവും പഠനവും ആവശ്യമാണെന്നിരിക്കെ വ്യക്തമായ പരിശോധനകളുടെയും റിപ്പോർട്ടുകളുടെയും പിൻബലമില്ലാതെ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതി നിയമം പിൻവലിക്കണം.

<u>ശ്രീ. രാജു എബ്രഹാം</u> : നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ശവസംസ്കാരം ഇന്ന് ഒരു ഗുരുതര പ്രശ്നമായി മാറിയിരിക്കുകയാണ്. ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ നിലവിലുള്ള നിയമത്തിന് ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്ന് വ്യക്തമാക്കണം. മാലിന്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ശാസ്ത്രീയപഠനം ആവശ്യമാണ്. പൊതു ശ്മശാനത്തിന് പ്രാധാന്യം നൽകാത്തതുകൊണ്ടാണ് സ്വന്തം വീടിനുള്ളിൽപ്പോലും ശവസംസ്കാരം നടത്തേണ്ട സ്ഥിതിയിലേയ്ക്ക് പലരും എത്തിയിരിക്കുന്നതെന്ന വസ്തുത സർക്കാർ കണ്ടില്ലെന്ന് നടിക്കരുത്. ഖരമാലിന്യ നിർമ്മാർജ്ജന കാര്യത്തിൽ ത്രിതല പഞ്ചായത്തുകൾ എടുക്കുന്ന നിലപാടുകൾ ഗൗരവപൂർവ്വം ചർച്ചചെയ്യണം. തിരുവനന്തപുരം നഗരത്തിലെ മാലിന്യ സംസ്കരണത്തിന് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം. ഓട നിർമ്മാണം, തെരുവു വിളക്ക് സ്ഥാപിക്കൽ പോലുള്ള അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും മായം കലർന്ന ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നത് കണ്ടുപിടിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിബന്ധനകളിൽ ഇളവ് അനുവദിച്ചുകൊണ്ട് അനധികൃതമായ

ഫ്ളാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയ ഉത്തരവ് പിൻവലിക്കാനും ഫ്ളാറ്റുകളിൽ താമസിക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തണം. ജനന-മരണ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കൈക്കൂലി വാങ്ങുന്നുവെന്ന ആക്ഷേപം പരിശോധിക്കുകയും പ്രസ്തുത സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിന് പെനാൽറ്റി ഈടാക്കുന്ന രീതിക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യണം. ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഗ്രാമസഭകളിൽ മതിയായ ഹാജരില്ലാത്തതു കൊണ്ട് അയോഗ്യത നേടിയ വാർഡ് മെമ്പർമാരുണ്ടെന്ന കാര്യം സംസ്ഥാനത്തിന് ലജ്ജാകരമാണ്. വികലമായ ആസൂത്രണമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ മറ്റൊരു പോരായ്മ. മഴക്കാലത്ത് യാത്രാ സൗകര്യം തടസ്സപ്പെടുത്തുന്ന തരത്തിൽ തലസ്ഥാനത്തുണ്ടാകുന്ന വെള്ളപ്പൊക്കത്തിന് ശാശ്വതപരിഹാരം കാണാൻ കഴിയണം. മരണാനന്തര ചടങ്ങുകൾക്ക് അനാവശ്യമായി പണം ചെലവഴിക്കുന്നതിനെ നിരുത്സാഹ പ്പെടുത്തണം. പൊതുസ്ഥലങ്ങള്, ലോഡ്ജുകള്, ഹോട്ടലുകൾ എന്നിവിടങ്ങളിൽ ടോയിലറ്റ് സൗകര്യം ഏർപ്പെടുത്തുകയും പൊതു സ്ഥലങ്ങൾ സംരക്ഷിക്കുകയും ചെയ്യണം. കക്കൂസ് മാലിന്യം ജലാശയങ്ങളിലും കുടിവെള്ള സ്രോതസ്സുകളിലും നിക്ഷേപിക്കുന്നത് തടയണം. അറവുശാലകൾ വൃത്തിയായി സൂക്ഷിക്കാനും രോഗമുള്ള കന്നുകാലികളെ അറവുശാലകളിൽ ഉപയോഗിക്കുന്നതും

കന്നുകാലികളെ കൊല്ലുന്ന രീതി പരിശോധിക്കേണ്ടതും ഇവ നിയന്ത്രിക്കാൻ നിയമ നടപടികളുണ്ടാക്കുകയും വേണം. അറവുശാലകൾ തുടങ്ങാൻ കൃത്യമായ മാനദണ്ഡങ്ങളുണ്ടാകണം. കോഴി വേസ്റ്റും മറ്റു മാലിന്യവസ്തുക്കളും റോഡിലുടനീളം വലിച്ചെറിയുന്നത് തടഞ്ഞുകൊണ്ട് അവ ശാസ്ത്രീയമായി പ്രോസസ് ചെയ്യാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. അലഞ്ഞു തിരിയുന്ന നായ്ക്കളെ വന്ധ്യകരണം ചെയ്യുന്നതിന് സംവിധാനമുണ്ടാക്കണം. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അധികാര വികേന്ദ്രീകരണം ഉണ്ടാകണം. ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് നൽകണം.

ശ്രീ. ബെന്നി ബെഹനാൻ : 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-7-2014-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സ്ഥലത്തിന്റെ ദൗർലഭ്യതയും ജനസാന്ദ്രതയും കൂടിയതുമൂലം പൊതുശ്മശാനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും വർദ്ധിച്ചു. ജനസാന്ദ്രതയുള്ള പ്രദേശത്തുനിന്നും എത്രമാത്രം അകലെയായിരിക്കണം ശ്മശാനങ്ങൾ പണിയേണ്ടതെന്ന നിബന്ധന പാലിക്കേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുശ്മാനങ്ങൾ നിർമ്മിക്കാൻ അനുവാദം നൽകാത്തത് പരിശോധനയ്ക്ക് വിധേയമാക്കണം. നിയമത്തിന്റെ പിൻബലത്തോടെ പൊതുശ്മശാനം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സ്വാഗതാർഹമാണ്.

മുനിസിപ്പാലിറ്റികളിൽ ഇലക്ട്രിക്/ഗ്യാസ് ശ്മശാനങ്ങൾ വാസഗൃഹങ്ങളിൽ നിന്നും 25 മീറ്റർ അകലെയായിരിക്കണമെന്ന നിബന്ധന സ്വാഗതാർഹമാണ്. ആധുനികവും ശാസ്ത്രീയമായവുമായ ശ്മാശനങ്ങൾ സ്ഥാപിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സബ്സിഡി അനുവദിക്കണം. ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് ഗവൺമെന്റ് പൊതുവായ മാതൃക ആവിഷ്ക്കരിച്ച് അവ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം അനുവദിക്കുകയും ചെയ്യണം. ഇലക്ട്രിക് ശ്മശാനങ്ങളേക്കാൾ ചെലവ് കുറഞ്ഞ ഗ്യാസ് ഉപയോഗിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ശ്മശാനങ്ങൾ സ്ഥാപിക്കണം. ശ്മശാനങ്ങളിൽ ചെറിയ ആഡിറ്റോറിയങ്ങൾ ഉണ്ടാക്കുകയും മരണാനന്തര ചടങ്ങുകൾ നടത്താനും ചടങ്ങുകളിൽ പങ്കെടുക്കുന്നവർക്ക് താമസിക്കുന്നതിനും മോർച്ചറിക്കുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. ശ്മശാനങ്ങളിൽ ആവശ്യത്തിന് വെളിച്ചം കിട്ടാനുള്ള സൗകര്യമുണ്ടാകണം. ശ്മശാനത്തിന്റെ മെയിന്റനൻസ് വർഷാവർഷങ്ങളിൽ ഏജൻസികളെ ഏൽപ്പിക്കുകയും അതിനാവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യണം. വാസഗൃഹങ്ങളിൽനിന്നും ശ്മശാനത്തിലേയ്ക്കുള്ള ദൂരം ചുരുക്കുമ്പോൾ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ശ്മശാനങ്ങളുണ്ടാക്കാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം. സെപ്റ്റിക് ടാങ്കിലെ മലിനജലം ശുദ്ധീകരിച്ച് പ്രയോജനകരമാക്കി മാറ്റുന്ന പദ്ധതി സ്വാഗതാർഹമാണ്. മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കാനും

പുകവലിക്കെതിരെയും മാലിന്യ നിക്ഷേപത്തിനെതിരെയും ബോധവൽക്കരണം നടത്താൻ സാധിച്ചുവെന്നതും അഭിനന്ദനാർഹമാണ്. ശവസംസ്കാര ചടങ്ങുകളുമായി ബന്ധപ്പെട്ട ദുരാചാരങ്ങൾക്കെതിരെയും പണം ധൂർത്തടിക്കുന്ന തിനെതിരെയും ബോധവൽക്കരണം നടത്തണം. പൊതുശ്മശാനങ്ങൾ ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുകയും എല്ലാപേർക്കും അതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

<u>ശ്രീ. വി. ചെന്താമരാക്ഷന്</u>: 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പഞ്ചായത്തുകളിൽ വാസഗൃഹങ്ങളിൽനിന്നും ശ്മശാനത്തിലേയ്ക്കുള്ള ദൂരം 25 മീറ്റർ എന്ന ഭേദഗതി നിഷ്കർഷിച്ചിരിക്കുന്നതിലൂടെ മുനിസിപ്പാലിറ്റികൾക്കും ഇത് ബാധകമാക്കിയിരിക്കുകയാണ്. ജനസാന്ദ്രത കൂടുതലുള്ള കേരളത്തിൽ ശവസംസ്കാരത്തിനാവശ്യമായ സൗകര്യമുണ്ടാക്കു ന്നതിന് നടപടി സ്വീകരിക്കുകയും എല്ലാ പഞ്ചായത്തുകളിലും ഫലപ്രദമായ രൂപത്തിൽ ശ്മശാനം നിർമ്മിക്കുന്നതിന് ഫണ്ട് കണ്ടെത്തുകയും ചെയ്യണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ശ്മശാനങ്ങളുടെ നടത്തിപ്പിനാവശ്യമായ പിന്തുണയും സഹായവും സർക്കാർ നൽകണം. ശ്മശാനത്തിനായി സ്ഥലം വാങ്ങിയിട്ടുള്ള പഞ്ചായത്തുകളിൽ അതിന്റെ നിർമ്മാണത്തിനാവശ്യമായ ധനസഹായം നൽകണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം മൂന്നു വകുപ്പുകൾക്കായി വിഭജിക്കപ്പെട്ടിരിക്കുന്നതിനാൽ വികസനകാര്യത്തിൽ സ്തംഭനാവസ്ഥ ഉണ്ടായിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന മുനിസിപ്പാലിറ്റികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന നൽകണം. അനധികൃത കെട്ടിടങ്ങൾ നിയമാനുസൃതമാക്കുന്ന തിനെതിരെ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് നിലവിലുണ്ട്. ആധുനിക രീതിയിലുള്ള ശ്മശാനങ്ങളുടെ പ്രവർത്തനംമൂലം മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകുന്നില്ല. സ്ഥല പരിമിതിയുള്ളതിനാൽ മെക്കനൈസ്ഡ് പാർക്കിംഗ് പ്രോത്സാഹിപ്പിക്കു ന്നതാണ്. വിളപ്പിൽശാലയിലും എറണാകുളത്തും വേസ്റ്റ് ട്രീറ്റ്മെന്റിനായി മോഡേൺ പ്ലാന്റ് സ്ഥാപിക്കുന്ന ജോലി കെ.എസ്.ഐ.ഡി.സി.-യെയും കിറ്റ്കോ-യെയും ഏൽപ്പിച്ചിട്ടുണ്ട്. മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിയന്ത്രണം സർക്കാർ ഏറ്റെടുത്തിട്ടില്ല. ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന നിയമത്തിൽ പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടുള്ള വ്യവസ്ഥകൾക്കുമാത്രമാണ് ഈ സർക്കാർ

ഇളവുകൾ അനുവദിച്ചിട്ടുള്ളത്. ഈ വകുപ്പിനു ലഭിച്ച നിയമസഭാ ചോദ്യങ്ങൾക്കെല്ലാം മറുപടി കൊടുത്തിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിൽ ജനന-മരണ സർട്ടിഫിക്കറ്റുകളുടെ വിതരണം കമ്പ്യൂട്ടറൈസ് ചെയ്യുന്നതു സംബന്ധിച്ചുണ്ടായ പ്രശ്നങ്ങളിൽ ഈ സർക്കാരിന് യാതൊരു പങ്കുമില്ല. അറവുശാലകൾക്ക് ഫണ്ട് നൽകുന്നതിന് സർക്കാർ തയ്യാറാണ്. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന മുനിസിപ്പാലിറ്റികൾക്ക് ക്രിമറ്റോറിയം നവീകരണത്തിനായി സർക്കാർ ഫണ്ട് നൽകുന്നതാണ്. നായ്ക്കളുടെ ശല്യം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രധാനപ്പെട്ട നഗരങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എറണാകുളത്ത് ഈ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു. നഗരസഭകളുടെ സാമ്പത്തിക പ്രശ്നം പരിഹരിക്കുന്നതിനായി ഓരോ വർഷവും അനുവദിക്കുന്ന തുകയ്ക്കുപുറമേ 50 ലക്ഷം രൂപ വീതം ഓരോ മുനിസിപ്പാലിറ്റിക്കും നൽകിയിട്ടുണ്ട്. അതിനുപുറമെ പെൻഷൻ നൽകുന്നതിന് 70 കോടി രൂപയും റോഡ് നിർമ്മാണത്തിന് 32 കോടി രൂപയും കൊടുത്തിട്ടുണ്ട്. കോർപ്പറേഷന് റോഡ് നിർമ്മാണത്തിന് 153 കോടി രൂപയോളം അഡീഷണലായി കൊടുത്തു. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അനധികൃത കെട്ടിടങ്ങൾക്കെല്ലാം അൺഓതറൈസ്ഡ് നമ്പർ കൊടുക്കുകയാണ്

ചെയ്യുന്നത്. കേരളത്തിൽ 1999-ലും 2009-ലും അൺഓതറൈസ്ഡ് നമ്പർ റെഗുലറൈസ് ചെയ്തുകൊടുത്തിട്ടുണ്ട്. ഫ്ളാറ്റുകളിലെ മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കണമെന്നാണ് നിയമം. മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് വേണ്ടിയുള്ള ആത്മാർത്ഥമായ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ബിൽ സബജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒമ്പതാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 5.14-ന് പിരിഞ്ഞു.

************